# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **436**

**10.03.2015**- ലെ മറുപടിക്ക്

## ആശ്വാസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി.ദിവാകരൻ | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിഞ്ഞതെന്ന് വിശദ മാക്കുമോ ? | (എ) | ഉണ്ട്. സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുക, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോൽസാഹിപ്പിച്ച് സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെ സഹകരണ മേഖലയിൽ 2014 - 2015സാമ്പത്തിക വർഷത്തിൽ ആശ്വാസ് 2015 നടപ്പിലാക്കിയിട്ടുണ്ട്. 2015 ഫെബ്രുവരി 1 മുതൽ മാർച്ച് 30 വരെയാണ് ഈ പദ്ധതിയുടെ കാലയളവ്. സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 10 ലക്ഷം രൂപാവരെയുള്ള വായ്പകൾ സഹകരണ അദാലത്തിലൂടെയും 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശിക വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും അടച്ചുതീർക്കുന്നതിനും മരണപ്പെട്ടവർ, മാരക രോഗം ബാധിച്ചവർ/മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പാക്കാരന്റെ ബാധ്യതയിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാദ്ധ്യത യായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/അനാഥർ തുടങ്ങിയവരുടെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ ഈ പദ്ധതിയിലൂടെ നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം 28.2.2015 ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് 1145.536 ലക്ഷം രൂപ പലിശയിനത്തിലും 466.55 ലക്ഷം രൂപ പിഴപലിശയിനത്തിലും ഇളവ് നൽകിയിട്ടുണ്ട്. കൂടാതെ 28.2.2015 വരെ കുടിശ്ശികയായ വായ്പകളിൽ 25126.71 ലക്ഷം രൂപ മുതലിനത്തിലും 7575.16 ലക്ഷം രൂപ പലിശ ഇനത്തിലും ഈടാക്കാനും കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**